**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3930** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ പുതിയ ഡയാലിസിസ് യൂണിറ്റും ബ്ലോക്കും സ്ഥാപിക്കുന്നതിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്; | (എ) | ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ പുതിയ ഡയാലിസിസ് യൂണിറ്റും ബ്ലോക്കും സ്ഥാപിക്കുന്നതിന് 3,90,62,100/-(മൂന്ന് കോടി തൊണ്ണൂറ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി ഒരുനൂറു രൂപ മാത്രം) രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. |
| (ബി) | ഇതിൽ എത്ര രൂപയാണ് പി.ബ്ല്യു.ഡി. വകുപ്പിന് കൈമാറിയിട്ടുള്ളതെന്നും ശേഷിക്കുന്ന തുക എന്നത്തേക്ക് കൈമാറുമെന്നും അറിയിക്കാമോ; | (ബി) | ഹരിപ്പാട് താലൂക്ക് ആശുപത്രി വിപുലീകരണത്തിനും ഇലക്ട്രിക്കൽ വർക്കുകൾക്കുമായി 2,15,65,382/-(രണ്ട് കോടി പതിനഞ്ച് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) രൂപ 2024-ൽ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറുകയും ശേഷിക്കുന്ന തുകയായ 1,74,96,718/-(ഒരു കോടി എഴുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എഴുനൂറ്റി പതിനെട്ട് രൂപ മാത്രം) രൂപ "Setting up of Dialysis Units in Major Hospital" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തുകയും, 03.03.2025 ലെ സ.ഉ(ആർ.ടി.) 615/2025/H&FWD പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തതിനെ തുടർന്ന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസ് മുഖാന്തിരം പി.ഡബ്ല്യു.ഡി യ്ക്ക് കൈമാറുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഭരണാനുമതി ഉത്തരവിലെ തുകയ്ക്ക് അനുസൃതമായിട്ടാണോ നിർദ്ദിഷ്ട പ്രവൃത്തിയുടെ നിർവ്വഹണത്തിനായി നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | ഭരണാനുമതി ഉത്തരവിലെ തുകയ്ക്ക് അനുസൃതമായിട്ടാണ് ടി പ്രവർത്തിയുടെ നിർവ്വഹണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. |
| (ഡി) | ഡയാലിസിസ് ബ്ലോക്കിൽ ഉപയോഗിക്കേണ്ട മെഡിക്കൽ ഉപകരണങ്ങൾ എപ്രകാരം ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | ഡയാലിസിസ് യൂണിറ്റിലേക്ക് ആവശ്യമായ 21 മെഷീനുകളും ആർ.ഒ. പ്ലാന്റും ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷനിൽ നിന്ന് 2,03,73,665/-(രണ്ട് കോടി മൂന്ന് ലക്ഷത്തി എഴുപത്തി മൂവായിരത്തി അറുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് 2025-2026-ൽ പ്ലാൻ സ്കീമിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ